"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2019-20 - പാലക്കാട് ജില്ലയിലെ നെല്ലായ വില്ലേജ് ഓഫീസ് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തി "പാലക്കാട് ജില്ലയിലെ നെല്ലായ വില്ലേജ് ഓഫീസ് ചുറ്റുമതിൽ നിർമ്മാണം, മേൽക്കൂര റൂഫിങ്" എന്ന് മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.734/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. 31/08/2024 തീയതിയിലെ സ.ഉ.(സാധാ)നം.2063/2024/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03/02/2026 തീയതിയിലെ LR/12492/2025-LR (M5) നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ നെല്ലായ വില്ലേജ് ഓഫീസ് ചുറ്റുമതിൽ നിർമ്മാണത്തിനായി ₹8,60,000/- രൂപയുടെ ഭരണാനുമതി പരാമർശം-1 പ്രകാരം നൽകുകയുണ്ടായി. പ്രസ്തുത തുക പൂർണ്ണമായും ചുറ്റുമതിൽ നിർമാണത്തിന് വേണ്ടി വരാത്ത സാഹചര്യത്തിൽ അതിൽ അവശേഷിച്ച തുക വിനിയോഗിച്ച് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂര റൂഫ് ചെയ്ത് ചോർച്ച ഒഴിവാക്കി സുരക്ഷിതമാക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് പാലക്കാട് ജില്ലാ കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 2-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം-1 പ്രകാരം ഭരണാനുമതി നൽകിയ പാലക്കാട് ജില്ലയിലെ 'നെല്ലായ വില്ലേജ് ഓഫീസ് ചുറ്റുമതിൽ നിർമ്മാണം' എന്ന പ്രവൃത്തിയുടെ പേര് "പാലക്കാട് ജില്ലയിലെ നെല്ലായ വില്ലേജ് ഓഫീസ് ചുറ്റുമതിൽ നിർമ്മാണം, മേൽക്കൂര റൂഫിങ്" എന്ന് പുനർനാമകരണം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ, വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 15-03-2026 16:34:49

സെക്ഷൻ ഓഫീസർ